# നിങ്ങളുടെ പാപം ഏറ്റുപറയുക മാത്രം ചെയ്യുക

സാക് പുന്നൻ

WFTW 25 നവംബർ 2012

ലൂക്കോസ് അദ്ധ്യാ.15ൽ കാണുന്ന മൂത്ത മകൻറെ കാര്യത്തിൽ പിതാവ് ഭവനത്തിനു പുറത്തു വന്നു അവനോട് ആവർത്തിച്ചാവർത്തിച്ചു അപേക്ഷിക്കുന്നു. എന്നാൽ അവൻ വഴങ്ങുന്നില്ല. ഒടുവിൽ അവനു എന്ത് സംഭവിച്ചുവെന്ന് നാം ഭാവനയിൽ തീരുമാനിക്കാൻ അനുവദിച്ചുകൊണ്ട് യേശു ഉപമ അങ്ങനെ അവസാനിപ്പിക്കുകയാണ്.

അവിടെ രണ്ടു സാധ്യതകളാണ് ഉള്ളത്. ഒന്നുകിൽ അവൻ പിതാവിൻറെ അപേക്ഷയ്ക്ക് വഴങ്ങി തല ഉയർത്തിപ്പിടിച്ചുതന്നെ വീട്ടിലേക്കു മടങ്ങി വന്നിരിക്കാം. അല്ലെങ്കിൽ പിതാവിൻറെ അപേക്ഷ തള്ളിക്കളഞ്ഞു അന്ധകാരത്തിലേക്ക് പോയിരിക്കാം. ഏതു വഴി തെരഞ്ഞെടുത്താലും അവനു തൻറെ ഭവനത്തിലുള്ള ബഹുമാനവും സ്ഥാനവും നഷ്ടപ്പെട്ടിരുന്നു. അത് അവന്റെ ഇളയ സഹോദരന് അപ്പോൾ തന്നെ നൽകപ്പെട്ടിരുന്നു. പിതാവ് തൻറെ മോതിരവും തൻറെ വലതു ഭാഗത്തുള്ള ഇരിപ്പിടവും അപ്പോഴേയ്ക്കും ഇളയപുത്രന് നൽകി കഴിഞ്ഞിരുന്നു.

'ദൂർത്ത പുത്രന്മാരും' 'മൂത്ത സഹോദരന്മാരും' തമ്മിൽ വലിയ വ്യത്യാസമുണ്ട്. ദൂർത്തപുത്രന്മാർ തങ്ങളുടെ പാപത്തെ കുറിച്ച് തികഞ്ഞ ബോധമുള്ളവരും അതെക്കുറിച്ച് അനുതപിക്കുന്നവരും സഭയിൽ യാതൊരു സ്ഥാനവും ആഗ്രഹിക്കാത്തവരും ആണ്. അവർക്ക് ജീവിതാന്ത്യം വരെ ദൈവത്തിന്റെ അടിമകളായിരുന്നാൽ മതി. അവർ യഥാർത്ഥമായി നുറുങ്ങപ്പെട്ടവരാണ്. 'മൂത്ത പുത്രന്മാരെ' സംബന്ധിച്ചിടത്തോളം ആവർത്തിച്ചു സംസാരിച്ചാൽ മാത്രമേ പാപബോധമുണ്ടാകുന്നുള്ളൂ. അഥവാ പാപബോധമുണ്ടായി സഭയിലേയ്ക്ക് വരുമ്പോൾ ബഹുമാന്യ സ്ഥാനം ആഗ്രഹിച്ചാണ് വരുന്നത്, രാജാക്കന്മാരേപോലെ, അല്ലാതെ അടിമകളെപോലെ അല്ല.

ശൌൽ രാജാവിന് താൻ പാപം ചെയ്തു എന്നറിയാമായിരുന്നു. എന്നാൽ അവനു തൻറെ പാപം സ്വകാര്യമായി ശമുവേലിനോട് ഏറ്റുപറയാനായിരുന്നു താൽപര്യം. അവൻ ശമുവേലിനോട് പറഞ്ഞു,'ഞാൻ പാപം ചെയ്തിരിക്കുന്നു, എങ്കിലും ജനത്തിൻറെയും, മൂപ്പന്മാരുടെയും,യിസ്രായേലിൻറെയും മുമ്പാകെ ഇപ്പോൾ എന്നെ മാനിക്കേണമേ' (1ശമുവേൽ 15:30). ദാവീദ് രാജാവും പാപം ചെയ്തു. ശൌലിൻറെ പാപത്തെക്കാൾ കഠിനമായ പാപം. എന്നാൽ അവൻ തൻറെ പാപം പരസ്യമായി ഏറ്റുപറഞ്ഞുകൊണ്ട് ഒരു സങ്കീർത്തനം എഴുതി.(അമ്പതാം സങ്കീർത്തനം).

പരീശന്മാരോട് അവരുടെ ഏറ്റവും വലിയ പാപം, അവർ ജനങ്ങളുടെ മുമ്പിൽ തങ്ങളെ തന്നെ ന്യായീകരിക്കുന്നതാണെന്ന് യേശു പറഞ്ഞു. മറ്റേതൊരു പാപത്തെക്കാളും ദൈവം ഇതിനെ വെറുക്കുന്നു. മനുഷ്യരുടെ മുമ്പിൽ തങ്ങളെ തന്നെ ന്യായീകരിക്കുവാൻ ശ്രമിക്കുന്ന പിന്മാറ്റക്കാർക്ക് പ്രത്യാശയ്ക്ക് സാധ്യത വളരെ കുറവാണ്.

പാപികളോടുള്ള ദൈവവചനം എപ്പോഴും ഇതാണ്,'നിങ്ങളുടെ പാപങ്ങളെ ഏറ്റുപറയുക മാത്രം ചെയ്യുക' (യിര.3:13).

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ!!.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)